Reg. No. : ....................................

Name : ....................................

# FY-448

## FIRST YEAR HIGHER SECONDARY EXAMINATION, MARCH 2023

Part – III

**BUSINESS STUDIES**

Maximum : 80 Scores

Time : 2½ Hours

Cool-off time : 15 Minutes

***General Instructions to Candidates :***

- There is a 'Cool-off time' of 15 minutes in addition to the writing time.
- Use the 'Cool-off time' to get familiar with questions and to plan your answers.
- Read questions carefully before answering.
- Read the instructions carefully.
- Calculations, figures and graphs should be shown in the answer sheet itself.
- Malayalam version of the questions is also provided.
- Give equations wherever necessary.
- Electronic devices except non-programmable calculators are not allowed in the Examination Hall.

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നല്കിയിട്ടുണ്ട്.
- ആവശ്യമുള്ള സ്ഥലത്ത് സമവാക്യങ്ങൾ കൊടുക്കണം.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.



P.T.O.

**Answer any 8 of the following questions from 1 to 10. Each carries 1 score. (8 × 1 = 8)**

1. What is the reward of business activity ?

   (a) Salary (b) Fees

   (c) Profit (d) Wages

2. The eldermost member of HUF business is known as

   (a) Shareholder (b) Karta

   (c) Coparceners (d) Partner

3. Identify the public enterprise where at least 51% share held by Government.

   (a) Departmental Undertaking (b) Public Corporations

   (c) Government Company (d) None of these

4. Identify the bank which controls the operations of all commercial banks in the country.

   (a) Co-operative Bank (b) Central Bank

   (c) Specialised Bank (d) Nationalised Bank

5. Find the odd one out.

   (a) Point of Sale (b) Electronic Fund Transfer

   (c) Digital Cash (d) Cash Payment at the counter

6. Identify the resources required for the successful implementation of E-business.

   (a) Computer (b) Trained workforce

   (c) Website (d) All of these

**1 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 8 എണ്ണത്തിന് ഉത്തരമെഴുതുക. 1 സ്കോർ വീതം.** **(8 × 1 = 8)**

1. ബിസിനസ്സ് പ്രവർത്തനത്തിന്റെ പ്രതിഫലം എന്താണ് ?

   (a) ശമ്പളം (b) ഫീസ്

   (c) ലാഭം (d) കൂലി

2. എച്ച്.യു.എഫ് ബിസിനസ്സിലെ തലമുതിർന്ന അംഗത്തെ വിളിക്കുന്നത്

   (a) ഓഹരി ഉടമ (b) കർത്ത

   (c) കോപാർസനർ (d) പങ്കാളി

3. 51 ശതമാനത്തിൽ കുറയാത്ത ഓഹരി സർക്കാരിന്റെ കൈവശമുള്ള ഒരു പൊതു സംരംഭം തിരിച്ചറിയുക.

   (a) വകുപ്പുതല സംരംഭം (b) പൊതു കോർപ്പറേഷനുകൾ

   (c) സർക്കാർ കമ്പനി (d) ഇവയൊന്നുമല്ല

4. രാജ്യത്തെ എല്ലാ വാണിജ്യ ബാങ്കുകളുടെയും പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്ന ബാങ്കിനെ തിരിച്ചറിയുക.

   (a) സഹകരണ ബാങ്ക് (b) സെൻട്രൽ ബാങ്ക്

   (c) പ്രത്യേക ബാങ്ക് (d) ദേശസാൽകൃത ബാങ്ക്

5. വേറിട്ടു നിൽകുന്നത് കണ്ടെത്തുക.

   (a) പോയിന്റ് ഓഫ് സെയിൽ (b) ഇലക്ട്രോണിക് ഫണ്ട് ട്രാൻസ്ഫർ

   (c) ഡിജിറ്റൽ പണം (d) കൗണ്ടറിൽ പണമടയ്ക്കൽ

6. ഇ ബിസിനസ്സ് വിജയകരമായി നടപ്പിലാക്കുന്നതിന് ആവശ്യമായ വിഭവങ്ങൾ തിരിച്ചറിയുക.

   (a) കമ്പ്യൂട്ടർ (b) പരിശീലനം ലഭിച്ച തൊഴിലാളികൾ

   (c) വെബ് സൈറ്റ് (d) ഇവയെല്ലാം



exam WiNNER

7. Emission of toxic gases leads _________ pollution.

8. Identify the internal sources of finance from the following :

   (a) Retained earning (b) Debenture

   (c) Term loans (d) Public deposits

9. The term VPP is associated with _________ business.

   (a) Departmental store (b) Chain store

   (c) Super bazaar (d) Mail order

10. Buying and selling of goods and service between two countries may be _________.

    (a) Domestic trade (b) Foreign trade

    (c) Home trade (d) Internal trade

**Answer any 5 of the following questions from 11 to 16. Each carries 2 scores.**

**(5 × 2 = 10)**

11. Briefly explain the following :

    (a) Nominal Partner

    (b) Active Partner

12. Write two differences between Traditional Business and E-business.

13. Complete the following as per the hint given :

| | | |
|---|---|---|
| (a) | Produce goods and service that society want and sell them at a profit. | Economic responsibility |
| (b) | Responsibility to operate within the laws of the country. | ? |
| (c) | Helping people of affected area of natural calamity. | ? |



exam WINNER

7. വിഷവാതകങ്ങൾ പുറന്തള്ളുന്നത് __________ മലിനീകരണത്തിന് കാരണമാകുന്നു.

8. ഇനിപ്പറയുന്നവയിൽ നിന്ന് സാമ്പത്തികത്തിന്റെ ആന്തരിക സ്രോതസ്സുകൾ തിരിച്ചറിയുക :

(a) നീക്കിവെക്കപെട്ട സമ്പാദ്യം (b) കടപ്പത്രം

(c) ടേം ലോണുകൾ (d) പൊതു നിക്ഷേപങ്ങൾ

9. വി പി പി എന്ന പദം __________ ബിസിനസ്സുമായി ബന്ധപ്പെട്ടിരിക്കുന്നു.

(a) ഡിപ്പാർട്ട്മെന്റൽ സ്റ്റോർ (b) ചെയിൻ സ്റ്റോർ

(c) സൂപ്പർ ബസാർ (d) മെയിൽ ഓർഡർ

10. രണ്ട് രാജ്യങ്ങൾക്കിടയിൽ ചരക്കുകളും സേവനങ്ങളും വാങ്ങുന്നതും വിൽക്കുന്നതും __________ ആയിരിക്കാം.

(a) ആഭ്യന്തര വ്യാപാരം (b) വിദേശ വ്യാപാരം

(c) ഹോം ട്രേഡ് (d) ആന്തരിക വ്യാപാരം

**11 മുതൽ 16 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉത്തരമെഴുതുക. 2 സ്കോർ വീതം. (5 × 2 = 10)**

11. താഴെ പറയുന്ന കാര്യങ്ങൾ ചുരുക്കി വിശദീകരിക്കുക :

(a) നാമമാത്ര പങ്കാളി


(b) സജീവ പങ്കാളി

12. പരമ്പരാഗത ബിസിനസും ഇ ബിസിനസും തമ്മിലുള്ള രണ്ട് വ്യത്യാസങ്ങൾ എഴുതുക.

13. നൽകിയിരിക്കുന്ന സൂചന പ്രകാരം താഴെ പറയുന്നവ പൂർത്തിയാക്കുക :

| | | |
|---|---|---|
| (a) | സമൂഹം ആഗ്രഹിക്കുന്ന ചരക്കുകളും സേവനങ്ങളും ഉൽപ്പാദിപ്പിക്കുകയും ലാഭത്തിൽ വിൽക്കുകയും ചെയ്യുക. | സാമ്പത്തിക ഉത്തരവാദിത്തം |
| (b) | രാജ്യത്തിന്റെ നിയമങ്ങൾക്കനുസൃതമായി പ്രവർത്തിക്കാനുള്ള ഉത്തരവാദിത്തം | ? |
| (c) | പ്രകൃതിക്ഷോഭം ബാധിച്ച പ്രദേശത്തെ ജനങ്ങളെ സഹായിക്കുക. | ? |

14. Complete the diagram :




15. What is Factoring ?

16. Mention any two kinds of itinerant traders.

**Answer any 5 of the following questions from 17 to 22. Each carries 3 scores.**

**(5 × 3 = 15)**

17. Write any three differences between Private company and Public company.


18. Write three forms in which a public enterprise can be formed.

19. Complete the diagram with given hints :

| | | |
|---|---|---|
| B2B | Business to Business | Giving order for raw material |
| C2C | | |
| B2C | | |
| Intra B | | |

20. Write any three functions of promoter.

14. ഡയഗ്രം പൂർത്തിയാക്കുക :




15. എന്താണ് ഫാക്ടറിംഗ് ?

16. സഞ്ചാരികളായ ചെറുകിട കച്ചവടക്കാരിൽ ഏതെങ്കിലും രണ്ടു തരം പരാമർശിക്കുക.

**17 മുതൽ 22 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉത്തരമെഴുതുക.**
**3 സ്കോർ വീതം.** **(5 × 3 = 15)**

17. സ്വകാര്യ കമ്പനിയും പൊതു കമ്പനിയും തമ്മിലുള്ള ഏതെങ്കിലും മൂന്ന് വ്യത്യാസങ്ങൾ എഴുതുക.

18. ഒരു പൊതു സംരംഭം രൂപീകരിക്കാൻ കഴിയുന്ന മൂന്ന് തരങ്ങൾ എഴുതുക.

19. നൽകിയിരിക്കുന്ന സൂചനകൾ ഉപയോഗിച്ച് ഡയഗ്രം പൂർത്തിയാക്കുക :

| | | |
|---|---|---|
| **ബി ടു ബി** | **ബിസിനസ്സ് ടു ബിസിനസ്സ്** | **അസംസ്കൃത വസ്തുക്കൾക്ക് ഓർഡർ നൽകുന്നു** |
| സി ടു സി | | |
| ബി ടു സി | | |
| ഇൻട്രാ ബി | | |

20. പ്രൊമോട്ടറുടെ ഏതെങ്കിലും മൂന്ന് പ്രവർത്തനങ്ങൾ എഴുതുക.



exam WINNER

21. Write short notes on :

    (a) Fixed Capital Requirement

    (b) Working Capital Requirement

22. Write any three procedure for export trade.

**Answer any 4 of the following questions from 23 to 27. Each carries 4 scores.**

**($4 \times 4 = 16$)**

23. Classify the following activities into primary and secondary industry :

    (a) Timbering

    (b) Breeding of animals

    (c) Construction of dam

    (d) Production of goods

    (e) Mining

    (f) Assembling of components

24. Explain any four functions of Commercial Banks.

25. Explain any four clauses of Memorandum of Association.

26. What is Preference Share ? Distinguish it from Equity Share.

27. Write any four differences of Foreign trade and Domestic trade.

21. ഒരു ചെറിയ കുറിപ്പ് എഴുതുക

(a) സ്ഥിര മൂലധന ആവശ്യകത

(b) പ്രവർത്തന മൂലധന ആവശ്യകത

22. കയറ്റുമതി വ്യാപാരത്തിന്റെ ഏതെങ്കിലും മൂന്ന് നടപടിക്രമങ്ങൾ എഴുതുക.

**23 മുതൽ 27 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. 4 സ്കോർ വീതം.** **(4 × 4 = 16)**

23. ഇനിപ്പറയുന്ന പ്രവർത്തനങ്ങളെ പ്രാഥമിക, ദ്വിതീയ വ്യവസായങ്ങളായി തരംതിരിക്കുക :

(a) മരം മുറിക്കൽ

(b) മൃഗങ്ങളുടെ പ്രജനനം

(c) അണക്കെട്ട് നിർമ്മാണം

(d) ചരക്കുകളുടെ ഉത്പാദനം

(e) ഖനനം

(f) ഘടകങ്ങളുടെ കൂട്ടിച്ചേർക്കൽ

24. വാണിജ്യ ബാങ്കുകളുടെ ഏതെങ്കിലും നാല് പ്രവർത്തനങ്ങൾ വിശദീകരിക്കുക.

25. മെമ്മോറാണ്ടം ഓഫ് അസോസിയേഷന്റെ ഏതെങ്കിലും നാല് വ്യവസ്ഥകൾ വിശദീകരിക്കുക.

26. എന്താണ് മുൻഗണന ഓഹരി ? ഇത് ഇക്വിറ്റി ഓഹരിയിൽ നിന്നും വേർതിരിക്കുക.

27. വിദേശ വ്യാപാരത്തിന്റെയും ആഭ്യന്തര വ്യാപാരത്തിന്റെയും ഏതെങ്കിലും നാല് വ്യത്യാസങ്ങൾ എഴുതുക.

**Answer any 3 of the following questions from 28 to 31. Each carries 5 scores.**

**(3 × 5 = 15)**

28. Identify five hindrances in the process of exchange of goods and services and activities undertaken to remove these hindrances.

29. What is MNC ? Explain any four features of MNC.

30. Write any five problems faced by small business units.

31. Match the following :

| | **Column-A** | | **Column-B** |
|---|---|---|---|
| (A) | Return on investment | (i) | Responsibility to Government |
| (B) | Fair wages | (ii) | Responsibility to Suppliers |
| (C) | Payment of taxes | (iii) | Responsibility to Owners |
| (D) | Quality products | (iv) | Responsibility to Employees |
| (E) | Prompt payment | (v) | Responsibility to Customers |

**Answer any 2 of the following questions from 32 to 34. Each carries 8 scores.**

**(2 × 8 = 16)**

32. Briefly explain any four merits and four demerits of sole proprietorship.

33. (a) What is Insurance ?

 (b) Explain any six principles of insurance.

34. "Everything under one roof". Identify the business organization mentioned here. Write any four features and three merits of it.

**28 മുതൽ 31 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക.**

**5 സ്കോർ വീതം.** **(3 × 5 = 15)**

28. ചരക്കുകളുടെയും സേവനങ്ങളുടെയും കൈമാറ്റ പ്രക്രിയയിലെ അഞ്ച് തടസ്സങ്ങൾ തിരിച്ചറിയുക, ഈ തടസ്സങ്ങൾ നീക്കം ചെയ്യുന്ന പ്രവർത്തനങ്ങൾ എഴുതുക.

29. എന്താണ് എം എൻ സി ? എം എൻ സിയുടെ ഏതെങ്കിലും നാല് സവിശേഷതകൾ വിശദീകരിക്കുക.

30. ചെറുകിട ബിസിനസ് യൂണിറ്റുകൾ അഭിമുഖീകരിക്കുന്ന ഏതെങ്കിലും അഞ്ച് പ്രശ്നങ്ങൾ എഴുതുക.

31. താഴെ പറയുന്നവ പൊരുത്തപ്പെടുത്തുക :

| | കോളം-എ | | കോളം-ബി |
|---|---|---|---|
| (A) | നിക്ഷേപത്തിൽ ആദായം | (i) | സർക്കാരിനോടുള്ള ഉത്തരവാദിത്തം |
| (B) | ന്യായമായ കൂലി | (ii) | വിതരണക്കാരോടുള്ള ഉത്തരവാദിത്തം |
| (C) | നികുതി അടയ്ക്കൽ | (iii) | ഉടമകളോടുള്ള ഉത്തരവാദിത്തം |
| (D) | ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ | (iv) | ജീവനക്കാരോടുള്ള ഉത്തരവാദിത്തം |
| (E) | പെട്ടെന്നുള്ള പണമടയ്ക്കൽ | (v) | ഉപഭോക്താക്കളോടുള്ള ഉത്തരവാദിത്തം |

www.hssreporter.com

**32 മുതൽ 34 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക.**

**8 സ്കോർ വീതം.** **(2 × 8 = 16)**

32. ഏകാംഗ വ്യാപാരത്തിന്റെ ഏതെങ്കിലും നാല് ഗുണങ്ങളും നാല് ദോഷങ്ങളും ഹ്രസ്വമായി വിശദീകരിക്കുക.

33. (a) എന്താണ് ഇൻഷുറൻസ് ?
    (b) ഇൻഷുറൻസിന്റെ ഏതെങ്കിലും ആറ് തത്വങ്ങൾ വിശദീകരിക്കുക.

34. "എല്ലാം ഒരു മേൽക്കൂരക്ക് കീഴിൽ" ഇവിടെ സൂചിപ്പിച്ച ബിസിനസ് സ്ഥാപനം ഏതാണ് ? അതിന്റെ ഏതെങ്കിലും നാല് സവിശേഷതകളും, മൂന്ന് ഗുണങ്ങളും എഴുതുക.